**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6454** **20-03-2023 - ൽ മറുപടിയ്ക്ക്**

**മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ ഏളയൂർ സംപ്രിക്കൈ മണ്ണംപുള്ളി ഭാഗത്ത് മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമ്മിക്കണം എന്നാവശ്യപ്പെട്ട് അബ്ദുറഹ്മാൻ സി, പാട്ടുവെണ്ണിമ്മൽ, ഇളയൂർ, ഇരുവേറ്റി എന്നയാളുടെ അപേക്ഷ ലഭിച്ചിരുന്നോ;അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഏറനാട് മണ്ഡലത്തിലെ ഏളയൂർ സംപ്രിക്കൈ മണ്ണംപുള്ളി ഭാഗത്ത് മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമ്മിക്കണം എന്നാവ ശ്യപ്പെട്ട് 28/02/2022-ന് മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിൽ ലഭിച്ച അബ്ദുറഹ്മാൻ സി, പാട്ടുവെണ്ണിമ്മൽ, ഇളയൂർ, ഇരുവേറ്റി എന്നയാളുടെ അപേക്ഷ മലപ്പുറം മൈനർ ഇറിഗേഷൻ അസി. എക്സി. എഞ്ചിനീയർക്ക് നൽകുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം മഞ്ചേരി മൈനർ ഇറിഗേഷൻ അസിസ്റ്റൻറ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തുകയും ആയതിൻ പ്രകാരം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിലേക്ക് റിപ്പോർട്ട് സമർപ്പി ക്കുകയുമുണ്ടായി. കാവന്നൂർ പഞ്ചായത്തിലെ ഇളയൂർ ഭാഗത്ത് സംപ്രിക്കൈ-പാറക്കുണ്ട് മണ്ണംപുള്ളി ഭാഗത്തുകൂടി ഒഴുകുന്ന മാടാരുകുണ്ട് തോട് നിലവിൽ ശോചനീയാവസ്ഥയിലാ ണെന്നും തോടിന് ഇരുകരയും 150മീറ്റർ നീളത്തിൽ കെട്ടി സംരക്ഷിക്കുന്നതിന് എകദേശം 25ലക്ഷം രൂപ ആവശ്യമാണെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് പ്രവൃത്തിയുടെ യൂട്ടിലിറ്റി പരിശോധിച്ച് പ്രയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി സാമ്പത്തികാ നുമതിക്കായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും മേൽ വിവരങ്ങൾ അപേക്ഷകനായ അബ്ദുറഹ്മാൻ.സി പാട്ടുവെണ്ണിമ്മൽ ഇളയൂർ, ഇരിവേറ്റി.പി.ഒ, അരിക്കോട് എന്നയാളെ പ്രസ്തുത കാര്യാല യത്തിലെ ഫയൽ നമ്പർ ഇ1-751/2022 പ്രകാരം 07/07/2022 ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ പ്രവർത്തിയുടെ |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എപ്പോൾ ഭരണാനുമതി നൽകുമെന്നും അറിയിക്കുമോ? | | പൊതു ഉപയോഗം, സ്വഭാവം, മുൻഗണന എന്നിവയുടെ അടിസ്ഥാനത്തിൽ ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ